**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 920** **30-06-2022 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ വനവത്ക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ആലപ്പുഴ ജില്ലയിൽ വനവിസ്തൃതി വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | ആലപ്പുഴ ജില്ലയിലെ പുറക്കാട് വില്ലേജിൽ ഗാന്ധിസ്മൃതിവനം 174.7914 ഹെക്ടർ ഭൂമി റിസർവ്വ് വനമായി പ്രഖ്യാപിക്കുന്നതിന്റെ ഭാഗമായി 1961-ലെ കേരള വനനിയമം നാലാം വകുപ്പ് പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ വനത്തിന് പുറത്ത് വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനായി ഹരിതകേരളം പദ്ധതി പ്രകാരം തൈകൾ ഉത്പാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്. വഴിയോരത്തണൽ, ബ്ലോക്ക് പ്ലാന്റിംഗ്, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, നഗരവനം, വിദ്യാവനം, തീരവനം എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു. കൂടാതെ വൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുന്നവർക്ക് ധനസഹായം നൽകുന്ന പദ്ധതിയും നിലവിലുണ്ട്. |
| (ബി) | കാവും കുളവും സംരക്ഷിക്കുന്നതിന് സാമൂഹ്യ വനവത്ക്കരണ വിഭാഗം സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ? | (ബി) | സർക്കാർ ഉത്തരവ് (സാധാ) നമ്പർ.485/16/വനം, തീയതി. 24.12.2016 നമ്പർ ഉത്തരവ് പ്രകാരം കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി പദ്ധതി നിലവിലുണ്ട്. പ്രസ്തുത ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക്വിധേയമായി ജൈവവൈവിദ്ധ്യ സംരക്ഷണത്തിന്റെ ഭാഗമായി കാവുകളുടെ സംരക്ഷണ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യതയനുസരിച്ച് ജില്ലാടിസ്ഥാനത്തിൽ തെരെഞ്ഞെടുക്കപ്പെടുന്ന കാവുകൾക്ക് എല്ലാ വർഷവും ധനസഹായം നൽകി വരുന്നുണ്ട്. ടി പദ്ധതി പ്രകാരം കാവുകളുടെ സംരക്ഷണ പുന:രുദ്ധാരണ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്നതിലേക്കായി അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് പത്രക്കുറിപ്പ് നൽകുകയും വിപുലമായ പ്രചാരം നൽകി വരുകയും ചെയ്യുന്നു. അപ്രകാരം ലഭ്യമാകുന്ന അപേക്ഷകളിൽ സ്ഥലപരിശോധന നടത്തി ഏറ്റവും അനുയോജ്യമായതും നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ നിശ്ചിതഎണ്ണം(സാധാരണയായി ഒരു ജില്ലയിൽ നിന്നും ഒരു സാമ്പത്തിക വർഷം 5 |

| | | | |
|---|---|---|---|
| | | | കാവുകൾക്ക്) കാവുകളുടെ പേരുവിവരങ്ങൾ സംസ്ഥാനതല വിദഗ്ധ സമിതിക്ക് സമർപ്പിക്കുന്നു. ആയതിൽ നിന്നും സംസ്ഥാനതല വിദഗ്ധ സമിതി തെരഞ്ഞെടുക്കുന്ന കാവുകൾ അടുത്ത 5 വർഷത്തെ പ്രവർത്തന വിവരങ്ങൾ അടങ്ങിയതും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരമുള്ളതുമായ സൂക്ഷ്മാസൂത്രണരേഖ തയ്യാറാക്കി സമർപ്പിക്കുകയും ആയത് അംഗീകരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പുമായി ചേർന്ന് ധാരണാപത്രം ഒപ്പുവയ്ക്കുകയും തുടർന്ന് ടി കാവുകൾക്ക് അടുത്ത 5 വർഷത്തേക്ക് ദീർഘകാലാടിസ്ഥാനത്തിൽ ധനസഹായം നൽകി വരുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ